ESTD:1976

# കാരവൽ

1196 ധനു 30, 1442 ജ.അവ്വൽ 29, 2021 ജനുവരി 14 വ്യാഴം

## കോവിഡ് ആശങ്കകളെ കരുതലോടെ നേരിടാം

ഒരു വർഷത്തോളമായി ലോകത്തോടൊപ്പം നമ്മുടെ നാടിനെയും ആശങ്കയിലാഴ്ത്തിയ കോവിഡിൽ നിന്നു സാധാരണ നിലയിലേക്കുള്ള തിരിച്ചുപോക്കിന് ഇന്ത്യ ആശാവഹമായ മുന്നേറ്റം ആരംഭിച്ചിരിക്കുന്നു. ജനങ്ങളെയും നാടിനെയും സംബന്ധിച്ച് ഇത് ഏറെ ആശ്വാസവും അതിലേറെ ആത്മവിശ്വാസവും നൽകുന്നു.

കോവിഡ് മഹാമാരിക്കെതിരെ ലോകത്ത് തന്നെ ആദ്യ നിരയിൽ പ്രതിരോധമരുന്നു കണ്ടെത്തിയതും അത് രാജ്യവ്യാപകമായി പ്രയോഗത്തിൽ വരുത്താനിരിക്കുകയും ചെയ്യുന്നതോടൊപ്പം മാസങ്ങളോളം അടച്ചിടുകയും അതിനു ശേഷം നിയന്ത്രണവിധേയമായി ഇളവുകളനുവദിച്ചു ജനങ്ങളിൽ സാമൂഹ്യബോധവും നിയമബോധവും ജനകീയ ഐക്യസന്ദേശവും വളർത്തുകയും ചെയ്ത സർക്കാർ, കോവിഡിന്റെ തീവ്രത കുറഞ്ഞതോടൊപ്പം നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുകൾ അനുവദിച്ചിരിക്കുകയാണ്.

ഇതിന്റെ ഭാഗമായി കോവിഡ് പ്രതിരോധ മരുന്നിനൊപ്പം സ്കൂളുകൾ തുറക്കാനും സർക്കാർ ഓഫീസുകൾക്ക് ഏർപ്പെടുത്തിയിരുന്ന ശനിയാഴ്ച അവധി അവസാനിപ്പിക്കാനും നടപടിയെടുത്തു. മാത്രമല്ല, ആളുകൾ കൂട്ടംകൂടാവുന്ന സിനിമാ തിയേറ്ററുകളുടെ പ്രവർത്തനവും ഇന്നലെ പുനരാരംഭിച്ചു. കടകമ്പോളങ്ങൾ സാധാരണ നിലയിലാവുകയും വാഹന ഗതാഗതവും റയിൽവെ ഗതാഗതവും പുനഃസ്ഥാപിക്കുകയും ചെയ്തു. ദീർഘദൂര ട്രെയിനുകൾ മിക്കതും മാസങ്ങൾക്കു മുമ്പേ നിയന്ത്രണ വിധേയമായി ഓടിത്തുടങ്ങിയിരുന്നു. ലോക്കൽ ട്രയിനുകൾ ഒഴികെയുള്ള മറ്റു ട്രെയിൻ സർവ്വീസുകളും പുനരാരംഭിച്ചിട്ടുണ്ട്.

ഒരു വർഷത്തോളം നീണ്ടു നിന്ന നിശ്ചലതക്കു ശേഷം ക്രമേണ പൂർവ്വ സ്ഥിതിയിലേക്കു സമൂഹം എത്തുകയാണ്. ഈ സാഹചര്യത്തിലും, തീവ്രത കുറഞ്ഞുവെങ്കിലും, കോവിഡിന്റെ സാന്നിധ്യം സമൂഹത്തിൽ നിലനിൽക്കുന്നുമുണ്ട്. മാത്രമല്ല, കോവിഡ് വൈറസിന്റെ പുതിയ രൂപങ്ങൾ കൂടുതൽ അപകട ഭീഷണിയുമായി ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രകടമായിട്ടുമുണ്ട്. വളരെയേറെ കരുതലും അതീവ ജാഗ്രതയും കൊണ്ടാണ് കോവിഡ് മഹാമാരിയെ നിയന്ത്രിക്കാൻ നമ്മുടെ രാജ്യത്തിനു കഴിഞ്ഞത്. എന്നാൽ എന്നും സമൂഹത്തെ നിയന്ത്രണങ്ങളുടെ പരിധിയിൽ നിറുത്തി ഒരു രാജ്യത്തിനും മുന്നോട്ടു പോകാനുമാവില്ല.

ഈ പശ്ചാത്തലത്തിൽ ജനങ്ങൾ ശക്തമായ നിയന്ത്രണം പാലിക്കാനും കോവിഡിനെതിരെ അതീവ ജാഗ്രത സ്വയം പാലിക്കാനും സന്നദ്ധരാകേണ്ടതുണ്ട്. പരസ്പര അകലവും മാസ്ക്ക് ധാരണവുമാണ് ഈ പകർച്ചവ്യാധിയെ നിയന്ത്രിക്കാനുള്ള സിദ്ധൗഷധമായി ലോകം തന്നെ അംഗീകരിച്ചിട്ടുള്ളത്. ഏതു പരിതസ്ഥിതിയിലും ഇക്കാര്യങ്ങൾ അനുഷ്ഠിക്കാൻ ഓരോരുത്തരും മനസ്സുവച്ചേ തീരു. ഒരു വർഷത്തിനു ശേഷം ഇടയ്ക്കു തുറന്നു കിട്ടയ സാധാരണ ജീവിതം അതേപോലെ മുന്നോട്ടുകൊണ്ടുപോകേണ്ടത് നാം ഓരോരുത്തരുമാണ്. ആ ജാഗ്രത എന്നും നമുക്കൊപ്പമുണ്ടാവുമെന്ന് പ്രത്യാശിക്കാം.






# സ്ക്രീൻ തെളിഞ്ഞു... മാസായി –"മാസ്റ്റർ"

കോവിഡിനെ തുടർന്നുള്ള പതിനൊന്നു മാസത്തെ ഇടവേള കഴിഞ്ഞ് കേരളത്തിലെ തിയേറ്ററുകളിൽ ആരവമുയർന്നു. പ്രദർശനശാലകളെ പൂരപറമ്പാക്കി തമിഴ്സൂപ്പർതാരം വിജയ് നായകനായ ചിത്രം മാസ്റ്റർ പ്രദർശിപ്പിച്ചപ്പോൾ ഒഴുകി എത്തിയത് നിരവധി പ്രേക്ഷകർ. സിനിമാ മേഖലക്ക് പുത്തൻ ആവേശമായി മാറുകയാണ് വിജയിയുടെ മാസ്റ്റർ എന്ന ചിത്രം.

കോവിഡിനെ തുടർന്ന് പതി



നൊന്ന് മാസക്കാലമായി സംസ്ഥാനത്തെ സിനിമാശാലകൾ അടച്ചിട്ടതാണ്. എന്നാൽ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വന്നതോടെ കഴിഞ്ഞ ദിവസം സിനിമാശാലകൾ തുറന്നു പ്രവർത്തിക്കാൻ സർക്കാർ അനുവാദം നൽകിയിരുന്നുവെങ്കിലും നിലവിലുള്ള പ്രതിസന്ധിയിൽ സിനിമാശാലകൾ തുറക്കാൻ കഴിയില്ലെന്ന നിലപാടാണ് ഉടമകൾ സ്വീകരിച്ചത്.

പിന്നീട് സർക്കാരുമായി നടത്തിയ ചർച്ചയെതുടർന്നാണ് തിയറ്ററുകൾ തുറക്കാൻ തീരുമാനമെടുത്തത്. സിനിമാ തിയറ്ററുകളുടെ വിനോദനികുതി മൂന്നു മാസത്തേക്ക് ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചതോടെയാണ് തിയേറ്ററുകൾ തുറക്കാമെന്ന നിലപാട് ഉടമകൾ സ്വീകരിച്ചത്.

തിയേറ്ററുകൾ അടഞ്ഞു കിടന്ന പത്തു മാസത്തെ വൈദ്യുതി ഫിക്സഡ് ചാർജ് അൻപത് ശതമാനാമാക്കി കുറക്കും. ബാക്കി ഗഡുക്കളായി അടക്കാൻ അനുവദിക്കും. 2020 മാർച്ച് 31നകം തിയേറ്ററുകൾ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട വസ്തു നികുതി മാസ ഗഡുക്കളായി അടക്കാനും തീരുമാനമായി.

ഇന്നലെ മുതലാണ് സംസ്ഥാനത്തെ തിയേറ്ററുകൾ തുറന്നത്. മിക്ക തിയേറ്ററുകളിലും വിജയിയുടെ ബിഗ് ബജറ്റ് ചിത്രം മാസ്റ്റർ തന്നെയായിരുന്നു ആദ്യചിത്രം. രാവിലെ 9മണിക്ക് ആരംഭിച്ച് രാത്രി 9മണിവരെ എന്ന നിലക്കാണ് പ്രദർശനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഒരു ദിവസം മൂന്ന് ഷോ ആണ് ഉണ്ടാവുക. സീറ്റുകൾ തമ്മിൽ കൃത്യമായ അകലം ഉറപ്പാക്കി ക്രമീകരിച്ചിട്ടുണ്ട്. മാത്രവുമല്ല, തിയേറ്ററുകൾ അണുവിമുക്തമാക്കിയും മറ്റ് കൊവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുമാണ് പ്രദർശനം. എല്ലായിടത്തും അൻപത് ശതമാനം പേർക്ക് മാത്രമാണ് പ്രവേശനം. കൂടുതൽ ആളുകൾക്ക് സാധ്യതയുള്ള രാത്രി 9മണിക്ക് ശേഷമുള്ള പ്രദർശനങ്ങൾ പാടില്ലെന്നതു കളക്ഷനെ ഗണ്യമായി ബാധിക്കുമെന്ന വിലയിരുത്തലാണുള്ളത്. എങ്കിലും പ്രേക്ഷക പ്രീതിയിലും വിനോദ വ്യവസായത്തിന്റെ നട്ടെല്ലെന്ന നിലയിലും വിലയിരുത്തപ്പെടുന്ന സിനിമ വീണ്ടും പ്രേക്ഷകരിലേക്ക് എത്തുന്നത് കോവിഡാനന്തര കാലത്തെക്കുറിച്ചുള്ള ശുഭപ്രതീക്ഷകൾ കൂടിയാണ് മലയാളിക്ക്



നൽകുന്നത്.

റിലീസ് കാത്തിരിക്കുന്ന എൺപത്തഞ്ചോളം മലയാളം സിനിമകളുണ്ടെന്നാണ് റിപ്പോർട്ട്. അണിയറയിൽ പുരോഗമിക്കുന്നതാകട്ടെ മുപ്പത്തിയഞ്ചോളം സിനിമകളും. ആയിരക്കണക്കിന് സിനിമാ പ്രവർത്തകർ, തിയേറ്റർ ഉടമകൾ, തൊഴിലാളികൾ എന്നിങ്ങനെ നിരവധിപേർ അനിശ്ചിതത്വങ്ങളുടെ ദിനങ്ങൾ പിന്നിട്ട് വീണ്ടും സജീവമാകുമ്പോൾ, സിനിമാമേഖല കടുത്ത ആശങ്കയിലുമാണെന്ന കാര്യത്തിൽ തർക്കമില്ല.ഇന്നലെ തിയേറ്ററുകൾ തുറന്നപ്പോൾ വലിയ ആവേശത്തോടെയാണ് പ്രേക്ഷകർ വിജയ് ചിത്രം മാസ്റ്ററിനെ വരവേറ്റത്. പതിനൊന്നുമാസത്തിന് ശേഷം വീണ്ടും തീയേറ്ററുകളിലേക്ക് എത്തുന്നതിന്റെ ആവേശം പ്രേക്ഷകരിൽ പ്രകടമായിരുന്നു. എല്ലാ തീയേറ്ററുകളിലും ഹൗസ്ഫുൾ ആയിട്ടാണ് മാസ്റ്റർ പ്രദർശിപ്പിക്കുന്നത്. വരും ദിവസങ്ങളിലേക്കുള്ള ബുക്കിംഗുകളും എൺപത് ശതമാനത്തോളം പൂർണ്ണമായി കഴിഞ്ഞു. ബിഗ് ബജറ്റ് ചിത്രമായ മാസ്റ്ററിന്റെ വരവ് കേരളത്തിലടക്കം തിയേറ്റർ -സിനിമാ വ്യവസായത്തിന് പുത്തൻ ഉണർവ്വാണ് നൽകിയിരിക്കുന്നത്.

മലയാള സിനിമകളുടെ പ്രദർശനം ജനുവരി 22 മുതലാണ് ആരംഭിക്കുന്നത്. ജയസൂര്യ നായകനായ വെള്ളം ആണ് ആദ്യം പ്രദർശനത്തിന് എത്തുന്ന മലയാള ചിത്രം. അതിന് ശേഷം സെൻസറിംഗ് പൂർത്തിയായ മറ്റ് ചിത്രങ്ങൾ മുൻഗണനാക്രമത്തിൽ റിലീസ് ചെയ്യും. ഇന്നലെ രാവിലെ മുതൽ ആരംഭിച്ച മാസ്റ്റർ ഷോ തീയേറ്ററുകളെ ആവേശക്കൊടുമുടിയിലാണ് എത്തിച്ചിട്ടുള്ളത്. സാധാരണ ഒരു വിജയ് ചിത്രത്തിന് ലഭിക്കുന്നതിനെക്കാൾ പ്രചാരണമാണ് രാജ്യമൊട്ടാകെ മാസ്റ്റർ എന്ന ചിത്രത്തിന് ലഭിച്ചിരിക്കുന്നത്. സൂപ്പർ ഹിറ്റ് ചിത്രം കൈതിക്കു ശേഷം ലോകേഷ് കനകരാജ് ഒരുക്കുന്ന ചിത്രത്തിൽ വിജയ്ക്കൊപ്പം വിജയ് സേതുപതിയും ആദ്യമായെത്തുന്നു എന്നതാണ് മാസ്റ്ററിന്റെ പ്രധാന ആകർഷണം. രാജ്യത്തുടനീളമുള്ള ആദ്യഷോകൾ അവസാനിച്ചപ്പോൾ , ആരാധകർ അവരുടെ അവലോകനങ്ങൾ സമൂഹമാധ്യമങ്ങൾ വഴി പങ്കുവെച്ചു. വിജയ്-വിജയ് സേതുപതി കൂട്ടുകെട്ടിൽ പിറന്ന മാസ്റ്ററിന് സമ്മിശ്ര പ്രതികരണമാണ് ലഭിക്കുന്നത്. വിജയ് ആരാധകരെ തൃപ്തിപ്പെടുത്തുന്ന മാസ് ചിത്രമാണെന്നാണ് പ്രക്ഷകരുടെ ആദ്യ പ്രതികണം.




## ലോക്ക്ഡൗണിന് ശേഷം തീയേറ്റർ റിലീസ് ചെയ്യുന്ന ആദ്യ മലയാള ചിത്രം വെള്ളം

ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം കേരളത്തിൽ തീയേറ്ററുകൾ തുറക്കുകയാണ്. ഇതിനോടൊപ്പം എത്തിയിരിക്കുന്ന മറ്റൊരു സന്തോഷം തിയേറ്ററിൽ ആദ്യം റിലീസ് ചെയ്യുന്ന മലയാള ചിത്രവും പ്രഖ്യാപിച്ചു.

ജയസൂര്യ നായകനായെത്തുന്ന വെള്ളം ആണ് തീയേറ്റർ റിലീസിനൊരുങ്ങുന്ന ആദ്യ മലയാള ചിത്രം. 22നാണ് ചിത്രത്തിന്റെ റിലീസ്.

തീയേറ്റർ റിലീസിനെത്തി ആദ്യ ചിത്രം വിജയ് നായകനായെത്തുന്ന മാസ്റ്ററാണ്. കഴിഞ്ഞ ഏപ്രിൽ മാസം റിലീസ് ചെയ്യേണ്ടിയിരുന്ന മാസ്റ്റർ കൊവിഡ് ഭീഷണി മൂലം മാറ്റി വെയ്ക്കുകയായിരുന്നു.

ബോക്സ് ഓഫീസിൽ വലിയ വിജയമായി തീർന്ന കൈദിയ്ക്ക് ശേഷം ലോകേഷ് കനകരാജ് സംവിധാനം ചെയ്ത ചിത്രമാണ് മാസ്റ്റർ. വിജയും വിജയ് സേതുപതിയും ആദ്യമായാണ് ഒരുമിച്ചഭിനയിക്കുന്നതെന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. വിജയ്‌യുടെ 64-ാമത് ചിത്രമാണിത്.

ക്യാപ്റ്റൻ സിനിമയ്ക്ക് ശേഷം ജയസൂര്യ നായകനായി പ്രജേഷ് സെൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് വെള്ളം . നേരത്തെ സിനിമയുടെ ക്യാരക്ടർ പോസ്റ്റർ പുറത്തുവിട്ടിരുന്നു. മറ്റെവിടെയും തിരഞ്ഞുപോകേണ്ട നമുക്കിടയിൽ കാണും ഇതുപോലൊരു മനുഷ്യൻ.. എന്ന ക്യാപ്ഷനോടെ ജയസൂര്യ തന്നെയാണ് പോസ്റ്റർ പുറത്തുവിട്ടത്.

സ്ഥിരം മദ്യപാനിയായ ഒരാളുടെ യഥാർത്ഥ ജീവിതമാണ് സിനിമയാക്കിയിരിക്കുന്നത്. റിപ്പോർട്ട്. ഫ്രണ്ട്ലി പ്രൊഡക്ഷൻസിന്റെ ബാനറിൽ ജോസ്കുട്ടി മഠത്തിൽ, യദു കൃഷ്ണ, രഞ്ജിത്ത് മണബ്രക്കാട്ട് എന്നിവർചേർന്ന് നിർമിക്കുന്ന ചിത്രത്തിൽ നിധീഷ് നടേരിയുടെ വരികൾക്ക് ബിജിപാലാണ് സംഗീതം നൽകിയത്.സംയുക്താ മേനോൻ, സിദ്ദിക്ക്, ഇന്ദ്രൻസ്, ബൈജു, ശ്രീലക്ഷ്മി, പ്രിയങ്ക, സ്നേഹ പലിയേരി, ഇടവേള ബാബു, ജോണി ആന്റണി, വെട്ടുക്കിളി പ്രകാശൻ, നിർമൽ പാലാഴി, സന്തോഷ് കീഴാറ്റൂർ, ഉണ്ണി ചെറുവത്തൂർ, ബാബു അന്നൂർ, മിഥുൻ, സീനിൽ സൈനുദ്ധീൻ, മുഹമ്മദ് പേരാമ്പ്ര, ശിവദാസ് മട്ടന്നൂർ, ജിൻസ് ഭാസ്കർ, ബേബി ശ്രീലക്ഷ്മി എന്നിവരാണ് പ്രധാനവേഷത്തിൽ എത്തുന്നത്.

ഇതിന് പുറമേ മുപ്പതോളം പുതുമുഖങ്ങളും ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്.

## മമ്മൂട്ടിയും മഞ്ജു വാര്യരും ഒന്നിക്കുന്നു

സിനിമാ പ്രേക്ഷകർ ഏറെ കാത്തിരിക്കുന്ന മെഗാസ്റ്റാർ മമ്മൂട്ടിയുടെ ഏറ്റവും പുതിയ ചിത്രം ദി പ്രീസ്റ്റിന്റെ ആദ്യ ടീസർ ഇന്ന് വൈകീട്ട് 7 മണിക്ക് പുറത്തിറങ്ങും. മമ്മൂട്ടി തന്നെയാണ് ഇക്കാര്യം സോഷ്യൽമീഡിയയിലൂടെ അറിയിച്ചത്. മമ്മൂട്ടിയും നടി മഞ്ജുവാര്യരും ആദ്യമായി ഒന്നിക്കുന്ന സിനിമ കൂടിയാണിതെന്ന പ്രത്യേകതയുമുണ്ട്. ചിത്രത്തിൽ ഒരു വൈദികനായി വ്യത്യസ്ത ലുക്കിലാണ് മമ്മൂട്ടി എത്തുന്നത്. മമ്മൂട്ടിയുടെ ക്യാരക്ടർ ലുക്ക് ചിത്രങ്ങൾ ഇതിനകം സോഷ്യൽ മീഡിയയിൽ വൈറലായിട്ടുണ്ട്. ജനലിനഭിമുഖമായി ഇരിക്കുന്ന മമ്മൂട്ടിയും അരികിലായി ഒരു നായയുമാണ് പോസ്റ്ററിലുള്ളത്. അടുത്തിടെ പുറത്തുവന്ന ചില പോസ്റ്ററുകളിലും മമ്മൂട്ടിയുടെ കഥാപാത്രത്തിനോടൊപ്പം ഈ നായയുമുണ്ടായിരുന്നു. നവാഗതനായ ജോഫിൻ ടി ചാക്കോ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. മിസ്റ്ററി ത്രില്ലറായാണ് ചിത്രം ഒരുങ്ങുന്നത്. ദി പ്രീസ്റ്റിന്റെ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ നടന്നുവരികയാണ്. ഡബ്ബിംഗ് ജോലികളാണ് ഇപ്പോൾ നടക്കുന്നത്. മഞ്ജുവാര്യർ തന്റെ ഡബ്ബിങ് പൂർത്തിയാക്കിയ വിവരം കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ചിരുന്നു.



## ഉദുമ എം.എൽ.എ. രാജിവെക്കണം: എ.വേലായുധൻ

പൊയിനാച്ചി:തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ പോളിങ്ങ് ഓഫിസറെ കാൽ വെട്ടുമെന്ന് ഭീഷണിപ്പെടുത്തിയ ഉദുമ എം എൽ എ രാജിവയ്ക്കണമെന്നു ബി ജെ പി ജില്ലാ സെക്രട്ടറി എ.വേലായുധൻ ആവശ്യപ്പെട്ടു. സംഭവം ഗൗരവത്തോടെ കണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യമുന്നയിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ ജനാധിപത്യ ധ്വംസനത്തിനെതിരെ ബി.ജെ.പി ഉദുമ നിയോജക മണ്ഡലം കമ്മിറ്റി ചട്ടഞ്ചാലിൽ നടത്തിയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കള്ളവോട്ടിന്റെ പേരിൽ നിഷ്പക്ഷരായ ഉദ്യോഗസ്ഥൻമാരെ ഭീഷണിപ്പെടുത്തി തങ്ങളുടെ വറുതിയിലാക്കി തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ അട്ടിമറിക്കാൻ കാലാകാലങ്ങളായി സി പി എം നടത്തുന്ന കുത്സിത പ്രവർത്തനങ്ങളുടെ അവസാനത്തെ ഉദാഹരണമാണ് ആലക്കോട് സ്കൂളിലുമുണ്ടായതെന്നു കൂട്ടിച്ചേർത്തു.

മണ്ഡലം പ്രസിഡന്റ് കെ.ടി.പുരുഷോത്തമൻ ആധ്യക്ഷം വഹിച്ചു. ജില്ലാ സെക്രട്ടറി മനുലാൽ, എൻ.ബാബുരാജ്, രാജേഷ്, മണികണ്ഠൻ പ്രസംഗിച്ചു.




*ജനാധിപത്യ ധ്വംസനത്തിനെതിരെ ബി ജെ പി ചട്ടഞ്ചാലിൽ നടത്തിയ പൊതുയോഗം ജില്ലാ സെക്രട്ടറി എ വേലായുധൻ ഉദ്ഘാടനം ചെയ്യുന്നു*



*ചെർക്കള - കല്ലടുക്ക റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപെട്ട കൊണ്ട് ജനകീയ സമര സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനം*

## ചെർക്കള – കല്ലടുക്ക റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

നെല്ലിക്കട്ട: ചെർക്കള - കല്ലടുക്ക റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപെട്ട കൊണ്ട് ജനകീയ സമര സമിതിയുടെ നേതൃത്വത്തിൽ പ്രകടനം നടത്തി. മീത്തൽ ഇടനീരിൽ നിന്നും സമരസമിതി ജനറൽ കൺവീനർ ഇബ്രാഹിം നെല്ലിക്കട്ടയുടെ നേതൃത്വത്തിൽ അബൂബക്കർ, ഗിരി, ലത്തീഫ് ചെന്നടുക്ക എന്നിവരും ചർലടുക്കയിൽ നിന്നും ഫൈസൽ നെല്ലിക്കട്ട, ലത്തീഫ് പള്ളത്തടുക്ക, അഷ്റഫ് ബി.എ എന്നിവരും കാൽനടയായി സമരപന്തലിലെത്തി. സമര പന്തലിലെത്തിയ പ്രകടനത്തെ വിവിധ രാഷ്ട്രീയ സാമൂഹിക നേതാക്കളും വ്യാപാരി- ഓട്ടോ മേഖലയിലെ ആളുകളും സ്വീകരിച്ചു.

## അവകാശങ്ങൾ ഇല്ലാതാക്കാനുള്ള നിയമനിർമാണം നടത്തരുത്: ബഷീറലി ശിഹാബ് തങ്ങൾ

കാസർകോട്: രാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷത ബഹുസ്വരതയാണെന്നും അത് കാത്ത് സൂക്ഷിക്കാൻ എല്ലാവരും മുന്നിട്ടിറങ്ങണമെന്നും സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ അഭിപ്രായപ്പെട്ടു, മുസ്ലിംങ്ങൾക്ക് കിട്ടേണ്ട അവകാശകങ്ങൾ അർഹതയുള്ളത് കൃത്യമായി നൽകണം അവ ഇല്ലാതാക്കാനുള്ള നിയമനിർമാണത്തിൽ നിന്ന് ബന്ധപ്പെട്ടവർ പിന്തിരിയണമെന്ന് അദ്ദേഹം പറഞ്ഞു. എസ് കെ എസ് എസ് എഫ് മുന്നേറ്റ യാത്രയുടെ കാസർക്കോട്ടെ സ്വീകരണത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ബഷീർ ദാരിമി തളങ്കര ആധ്യക്ഷം വഹിച്ചു. ഇർഷാദ് ഹുദവി ബെദിര, സമസ്ത ജില്ലാ പ്രസിഡന്റ് ഖാളി ത്വാഖ അഹ്മദ് മൗലവി ഉദ്ഘാടനം ചെയ്തു,സത്താർ പന്തല്ലൂർ, ഫഖ്റുദ്ധീൻ തങ്ങൾ, റഷീദ് ഫൈസി വെള്ളായിക്കോട്, താജുദ്ധീൻ ദാരിമി പടന്ന,ടി.ഇ അബ്ദുല്ല,ഹക്കിം കുന്നിൽ, അഡ്വ വി.എം മുനീർ, അഷ്റഫ് എടന്നീർ, തുടങ്ങിയവർ വിശിഷ്ടാതിഥികളായി, ഹമീദ് ഹാജി പറപ്പാടി, മുഹമ്മദ് ഫൈസി കജ,സുഹൈർ അസ്ഹരി, വി.കെ മുഷ്ത്താഖ് ദാരിമി, യൂനുസ് ഫൈസി, ഇസ്മാഈൽ അസ്ഹര, അബ്ദുൽ ഖാദർ സഅദി, സയ്യിദ് ഹുസൈൻ തങ്ങൾ, എസ് പി സലാഹുദ്ധീൻ', കല ട്ര അബ്ബാസ് ഹാജി, എസ് കെ ഹംസ ഹാജി, എം.എ ഖലീൽ, റൗഫ് ബാവിക്കര ,സിറാജുദ്ധീൻ ഖാസി ലൈൻ,,ലത്തീഫ് കൊല്ലമ്പാടി, ശിഹാബ് അണങ്കൂർ, ജൗഹർ അസനവി, ജംഷീർ കടവത്ത്, സിദ്ധീഖ് ഹുദവി മൗവ്വൽ, അബ്ബാസ് വലിയവളപ്പിൽ, സുഹൈൽ ഫൈസി, പി.എച്ച് അസ്ഹരി, മുഹമ്മദ് കുട്ടി, അഷ്റഫ് റഹ്മാനി ചൗക്കി, സഹദ് ഹാജി, പി.ബി ഷഫീഖ്, മുസ ഹാജി ചേരൂർ, മുഹമ്മദ് കുഞ്ഞി തുരുത്തി, ഫാറൂഖ് ദാരിമി കൊല്ലമ്പാടി, സി എ അബ്ദുല്ല കുഞ്ഞി ഹാജി, അബ്ദുല്ല ചാല, സുഹൈൽ ഫൈസി കമ്പാർ, നൗശാദ് മിഅറാജ്, ഹമീദ് ചേരങ്കൈ, ഹക്കിം അറന്തോട്, സാലിം ബെദിര, മുനാസിൽ ഹിദായത്ത് നഗർ, താജുദ്ധീൻ ചെമ്പരിക്ക, ഹനീഫ് ഹാജി കമ്പാർ, അറഫാത്ത് അസ്ഹരി തുടങ്ങിയവർ പ്രസംഗിച്ചു

## കമ്മ്യൂണിറ്റി ഈവന്റ് നടത്തി

കാഞ്ഞങ്ങാട്: പാൻടെക്ക് എഫ്.എസ്.ഡബ്ല്യു. സുരക്ഷാ പ്രൊജക്ടിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് പ്രൊജക്ട് ഹാളിൽ സംഘടിപ്പിച്ച കമ്മ്യൂണിറ്റി ഈവന്റ് ഡയരക്ടർ കൂക്കാനം റഹ്മാൻ ഉൽഘാടനം ചെയ്തു. പ്രൊജക്ട് മാനേജർ സാമുവൽ വിൻസന്റ് അധ്യക്ഷത വഹിച്ചു. ടി.തമ്പാൻ,ജോസ്മി ജോസ്,ശാലിനി,ഷർമ്മിള എന്നിവർ തുടർന്ന് പ്രൊജക്ട് ഗുണഭോക്താക്കളുടെ വിവധ കലാപരിപാടികളും അരങ്ങേറി.



*പാൻടെക്ക് എഫ്.എസ്.ഡബ്ല്യു. സുരക്ഷാ പ്രൊജക്ടിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് പ്രൊജക്ട് ഹാളിൽ സംഘടിപ്പിച്ച കമ്മ്യൂണിറ്റി ഈവന്റ് ഡയരക്ടർ കൂക്കാനം റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു*